## പതിനാലാം കേരള നിയമസഭ
### നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.168 07.03.2017 - ൽ മറുപടിയ്ക്ക്**

**കേരള ജനറിക് സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനിൽ അക്കര :<br>ശ്രീ.ഹൈബി ഈഡൻ :<br>ശ്രീ.വി.പി.സജീന്ദ്രൻ :<br>ശ്രീ.സണ്ണി ജോസഫ് : | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) |
| (എ) കേരള ജനറിക് സ്റ്റോറുകൾ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ | (എ) ഉണ്ട്. സംസ്ഥാന ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ കേരള ജനറിക്സ് എന്ന സംരംഭം ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. ആളോഹരി ചികിത്സാ ചിലവ് നാൾക്കുനാൾ വർദ്ധിച്ചുവരുന്ന നിലവിലെ സാഹചര്യത്തിൽ വിലകൂടിയ ബ്രാൻഡഡ് മരുന്നുകൾ ഉപയോഗിക്കുന്നത് വഴി വന്നുചേരുന്ന വൻ സാമ്പത്തിക ബാധ്യത നല്ലൊരു പരിധിവരെ കുറയ്ക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ ഗുണനിലവാരമുള്ള ജനറിക് മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്യുക എന്നതാണ് പദ്ധതിയുടെ ഹ്രസ്വകാല ലക്ഷ്യം. പദ്ധതിയുടെ ആദ്യപടിയായി അഞ്ച് മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിലും പ്രത്യേക കൗണ്ടർ സജ്ജീകരിച്ച് നൈപുണ്യമുള്ള ഫാർമസിസ്റ്റുമാരെ സേവനദാതാക്കളാക്കി പ്രവർത്തനമാരംഭിക്കുന്നതിനും സമീപ ഭാവിയിൽ മറ്റു കാരുണ്യ ഫാർമസികളിലേയ്ക്കും മേൽ സംരംഭം വ്യാപിപ്പിക്കുന്നതിനുമാണ് സർക്കാർ വിഭാവനം ചെയ്യുന്നത് |
| (ബി) കേന്ദ്ര സർക്കാരിന്റെ ജൻ ഔഷധി പദ്ധതിക്ക് ബദലായിട്ടാണോ ഈ പദ്ധതി കൊണ്ടുവരുന്നത്; | (ബി) അല്ല. |

| | | | |
|---|---|---|---|
| (സി) | പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്നുകളും ആന്റിബയോട്ടിക്കുകളും കുറഞ്ഞ നിരക്കിൽ കേരള ജനറിക് സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | പ്രമേഹത്തിന്റെ തലസ്ഥാനമായി അറിയപ്പെടുന്ന കേരളത്തിൽ ജീവിതശൈലീ രോഗചികിത്സയ്ക്കും പകർച്ചവ്യാധികളുടെ ചികിത്സയ്ക്കും പരമാവധി സഹായമാകുന്ന തരത്തിലാണ് കേരള ജനറിക്സ് എന്ന നൂതന സംരംഭത്തിലൂടെ ജനറിക് മരുന്നുകളുടെ സംഭരണ വിതരണ പ്രക്രിയ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഏകോപിപ്പിക്കുന്നത്. മേൽ ചികിത്സാ മേഖലകൾക്ക് അനുസൃതം ആവശ്യമായി വരുന്ന 111 ഓളം മരുന്നുകളെ കണ്ടെത്തി അവയുടെ ഗുണനിലവാരത്തിന് ഒരു കുറവും വരാത്ത തരത്തിലുള്ള നിബന്ധനകൾ മുന്നോട്ടുവച്ച് കമ്പനികളെ തിരഞ്ഞെടുത്ത് മരുന്നുകൾ സംഭരിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. വിതരണം ചെയ്യുന്ന ഓരോ ബാച്ച് മരുന്നും ഇന്ത്യൻ ക്വാളിറ്റി കൗൺസിൽ രൂപവൽക്കരിച്ച ദേശീയ ലാബുകളുടെ അംഗീകാര സമിതി (NABL - National Accreditation Board for Testing and Calibration Laboratories) അംഗീകരിച്ച ലാബുകളിൽ നിന്നുമുള്ള ഗുണനിലവാര പരിശോധന റിപ്പോർട്ട് സഹിതം മാത്രമേ സ്വീകരിക്കൂ എന്നുള്ള നിബന്ധന പാലിക്കുക വഴി ജനങ്ങളിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്ന ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്തസമ്മർദം, ഹൃദ്രോഗങ്ങൾ തുടങ്ങിയവയ്ക്കുള്ള മരുന്നുകളും പൊതുവായുള്ള ആന്റിബയോട്ടിക്കുകളും ഉൾപ്പെടെ 94 ഇനം ജനറിക് മരുന്നുകൾ ഗുണനിലവാരത്തോടെ കാരുണ്യ ജനറിക് വിഭാഗത്തിലൂടെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുടർന്ന് വിപണിയിൽ പൊതുവായി ലഭ്യമാകുന്ന മറ്റ് ജനറിക് മരുന്നുകളും ആവശ്യാനുസരണം ലഭ്യമാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ